**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** **29-09-2025 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിൽ റോഡ് സുരക്ഷ ഫണ്ട് വിനിയോഗിച്ച് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും, മറ്റ് സ്റ്റേക് ഹോൾഡിങ് വകുപ്പുകളുടെയും ശിപാർശ സഹിതം ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനമനുസരിച്ച റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നു. AI ക്യാമറ സ്ഥാപിക്കുക, "blackspot റെക്ടിഫിക്കേഷൻ", സ്കൂൾ സോൺ സുരക്ഷാ, നടപ്പാതകൾ നിർമ്മിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നത്. ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി തുടർനടപടികൾ നടപ്പിലാക്കുന്നത് അതാതു വകുപ്പുകളാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നത് സംസ്ഥാനത്ത് ആകമാനമാണ്. ജില്ലാ അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ